"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഭക്ഷ്യ പൊതുവിതരണ വകുപ്പ് -സമാശ്വാസ തൊഴിൽ ദാന പദ്ധതി- സപ്ലൈകോയിൽ അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയിൽ സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരം ശ്രീ എസ്.എസ്. അഭിനവ് ദേവ് എന്നയാൾക്ക് നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു

---

**ഭക്ഷ്യ പൊതുവിതരണ (സി) വകുപ്പ്**

സ.ഉ.(കൈ) നം.19/2024/F&CS തീയതി,തിരുവനന്തപുരം, 19-12-2024

---

പരാമർശം:-

1. 24/05/1999 തീയതിയിലെ സ.ഉ.(പി.) നം. 12/1999/ഉ.ഭ.പ.വ.
2. 07/06/2007 തീയതിയിലെ സ.ഉ. (അച്ചടി) നം. 32/2007പ്ലാനിംഗ്
3. 21/02/2018 തീയതിയിലെ സ.ഉ.(കൈ) നം. 05/2018/ഉ.ഭ.പ.വ
4. 28/04/2018 തീയതിയിലെ സ.ഉ.(അച്ചടി) നം. 07/2018/ഉ.ഭ.പ.വ.
5. സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരം ശ്രീ. അഭിനവ്ദേവ് എസ്.എസ്. ലഭ്യമാക്കിയ 11/01/2024 ലെ അപേക്ഷ.
6. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 09/09/2024, 26/11/2024 തീയതികളിലെ DCTVM/5738/2024-S6 നമ്പർ കത്തുകൾ
7. സപ്ലൈകോ ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ 26/10/2024, 30/11/2024 തീയതികളിലെ ഡി6-3657/2024-D6 (ADMN) നമ്പർ കത്തുകൾ

**ഉത്തരവ്**

കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ തിരുവനന്തപുരം മേഖലയിൽ ഉൾപ്പെട്ട നെയ്യാറ്റിൻകര ഡിപ്പോയ്ക്ക് കീഴിൽ സീനിയർ അസിസ്റ്റന്റ് I തസ്തികയിൽ സേവനമനുഷ്ഠിക്കവെ, 24/01/2023 തീയതിയിൽ മരണമടഞ്ഞ ഷാജിലാൽ എൻ എസ് ഡേവിഡ്-ന്റെ മകൻ ശ്രീ. എസ്.എസ്. അഭിനവ് ദേവ്, മടത്തുവിള വീട്, ചെറുവാരക്കോണം, പാറശ്ശാല പി.ഒ, തിരുവനന്തപുരം, പരാമർശം (5) പ്രകാരം സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ പരാമർശം (6) പ്രകാരമുള്ള തിരുവനന്തപുരം ജില്ലാ കളക്ടറുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, സപ്ലൈകോ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ പരാമർശം (7) പ്രകാരം ടിയാൾക്ക് സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരം നിയമനം നൽകുന്നതിനുള്ള ശുപാർശ ജില്ലാ കളക്ടറുടെ റിപ്പോർട്ട് സഹിതം സർക്കാരിൽ തുടർ നടപടികൾക്കായി സമർപ്പിക്കുകയുണ്ടായി.

2) ഷാജിലാൽ എൻ എസ് ഡേവിഡ് 31/05/2001-ൽ സപ്ലൈകോയിൽ സേവനത്തിൽ പ്രവേശിച്ച് നെയ്യാറ്റിൻകര ഡിപ്പോയ്ക്ക് കീഴിൽ അസിസ്റ്റന്റ് I തസ്കികയിൽ തസ്തികയിൽ

സേവനമനുഷ്ഠിച്ച വരവെ 24/01/2023 ൽ മരണമടഞ്ഞിട്ടുള്ളതുമാണ്. ടിയാളുടെ ജനനത്തീയതി 23/05/1968-ലും സർവ്വീസിൽ നിന്നും വിരമിക്കേണ്ടിയിരുന്നത് 31/05/2024 തീയതിയിലുമാണ്. 24/01/2023-ൽ മരണപ്പെട്ടപ്പോൾ, ടിയാൻ 21 വർഷം 07 മാസവും 25 ദിവസവും സേവനകാലം പൂർത്തിയാക്കിയിരുന്നു

3) അപേക്ഷകനായ ശ്രീ. എസ്.എസ് അഭിനവ് ദേവ് - ന്റെ ജനനത്തീയതി 09/06/2001 ആണ്. സ്കൂൾ രേഖകൾ പ്രകാരം അപേക്ഷകന് 23 വയസ്സ് പൂർത്തിയായിട്ടുണ്ട്. 30/12/2023 ന് പാറശ്ശാല വില്ലേജ് ഓഫീസർ നൽകിയിട്ടുള്ള കുടുംബ വാർഷിക വരുമാന സർട്ടിഫിക്കറ്റ് പ്രകാരം അപേക്ഷകന്റെ വാർഷിക വരുമാനം 5,54,328/- രൂപയാണ്. ശ്രീ. എസ്.എസ് അഭിനവ് ദേവ് -ന്റെ വിദ്യാഭ്യാസ യോഗ്യത CBSE Secondary School Examination, 2018, CBSE Senior School Certificate Examination 2 0 2 0 എന്നിവയാണ്. സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ തിരുവനന്തപുരം ജില്ലയിലേയ്ക്കുള്ള അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയിലേയ്ക്കാണ് ശ്രീ. എസ്.എസ് അഭിനവ് ദേവ് നിയമനം അഭ്യർത്ഥിച്ചിട്ടുള്ളത്. അപേക്ഷകന് ആശ്രിത നിയമനം നൽകുന്നതിന് മറ്റ് അവകാശികൾ അനുകൂലമായി മൊഴി നൽകിയിട്ടുണ്ട്. ജോലികിട്ടിയാൽ ആശ്രിതരെ സംരക്ഷിച്ചുകൊള്ളാമെന്നുള്ള അപേക്ഷകന്റെ സംരക്ഷണ സമ്മത മൊഴിയും അപേക്ഷയുടെ കൂടെ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി ജോലിക്കായി നിർദ്ദിഷ്ട യോഗ്യത ആർജിച്ചിട്ടുള്ള അപേക്ഷകന്റെ മറ്റ് അവകാശികളാരും തന്നെ ജോലിയ്ക്കായി അപേക്ഷ സമർപ്പിക്കുകയോ, അവർക്ക് ജോലി ലഭിക്കുകയോ ചെയ്തിട്ടില്ലായെന്ന് തിരുവനന്തപുരം ജില്ലാകളക്ടർ പരാമർശം (6) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആശ്രിത നിയമന പദ്ധതിയുടെ വ്യവസ്ഥകൾ പ്രകാരമുള്ള സമയ പരിധിക്കുള്ളിൽ ശ്രീ. എസ്.എസ് അഭിനവ് ദേവ് അപേക്ഷ സമർപ്പിച്ചിട്ടുള്ളതും, പ്രസ്തുത തസ്തികയിലേയ്ക്ക് വേണ്ട വിദ്യാഭ്യാസ യോഗ്യത ആർജിച്ചിട്ടുള്ളതുമാണ്.

4) സർക്കാരിലേയ്ക്ക് സപ്ലൈകോ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ സമർപ്പിച്ചിട്ടുള്ള ശിപാർശ, തിരുവനന്തപുരം ജില്ലാ കളക്ടറുടെ റിപ്പോർട്ട്, ഇതുമായി ബന്ധപ്പെട്ട മറ്റ് അനുബന്ധ രേഖകൾ, എന്നിവ സർക്കാർ വിശദമായി പരിശോധിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ, കേരള സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നെയ്യാറ്റിൻകര ഡിപ്പോയ്ക്ക് കീഴിൽ അസിസ്റ്റന്റ് I തസ്കികയിൽ ജോലിയിലിരിക്കെ 24/01/2023 ൽ മരണമടഞ്ഞ ഷാജിലാൽ എൻ എസ് ഡേവിഡിന്റെ മകൻ ശ്രീ. എസ്.എസ്. അഭിനവ് ദേവ്, മടത്തുവിള വീട്, ചെറുവാരക്കോണം, പാറശ്ശാല പി.ഒ, തിരുവനന്തപുരം എന്നയാൾക്ക് കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡിൽ അസിസ്റ്റന്റ് സെയിൽസ്മാനായി, സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം, നിലവിലുള്ള നിയമങ്ങൾ/ നിബന്ധനകൾ എല്ലാം പാലിച്ചുകൊണ്ട്,തിരുവനന്തപുരം ജില്ലയിൽ, നിയമനം നൽകുന്നതിന് സപ്ലൈകൊ ചെയർമാൻ & മാനേജിംഗ് ഡയറക്ടർക്ക് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

5) സപ്ലൈക്കോയുടെ നിയമനാധികാരി, മേൽ നിയമനം നേരിട്ടുള്ള നിയമനം എന്ന രീതിയിൽ, എല്ലാ നടപടിക്രമങ്ങളും പാലിച്ചു കൊണ്ട് ഔദ്യോഗിക നിയമന ഉത്തരവ് നൽകേണ്ടതും, അസ്സൽ സർട്ടിഫിക്കറ്റുകൾ, വിദ്യാഭ്യാസ യോഗ്യത, ജനനത്തീയതി, ഐഡന്റിറ്റി എന്നിവയുടെ പരിശോധനയ്ക്ക് വിധേയമായി ജോലിയിൽ പ്രവേശിപ്പിക്കേണ്ടതുമാണ്. സിവിൽ സർജന്റെ റാങ്കിൽ കുറയാത്ത രജിസ്റ്റേഡ് മെഡിക്കൽ പ്രാക്ടീഷണറിൽ നിന്ന് ലഭിച്ച ശാരീരിക ക്ഷമത സർട്ടിഫിക്കറ്റ്, ഒരു ഗസറ്റഡ് ഓഫീസറിൽ നിന്ന് ലഭിച്ച പെരുമാറ്റ / സ്വഭാവ സർട്ടിഫിക്കറ്റ് എന്നിവ ജോലിയിൽ പ്രവേശിക്കുന്ന സമയത്ത് അപേക്ഷകൻ ഹാജരാക്കേണ്ടതാണ്. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള നിയമനം സംബന്ധിച്ച വിശദാംശങ്ങൾ

മരണമടഞ്ഞ ജീവനക്കാരന്റെ സർവീസ് ബുക്കിലും, ടിയാൾ അവസാനമായി സേവനമനുഷ്ഠിച്ചിരുന്ന വിഭാഗത്തിന്റെ എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും രേഖപ്പെടുത്തേണ്ടതും, ഓഫീസ് മേധാവി / വകുപ്പ് മേധാവി ആയത് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. സാധുവായ അപേക്ഷ തീയതിയായ 11/01/2024 അടിസ്ഥാനമാക്കി അപേക്ഷകന്റെ നിയമനത്തിനായുള്ള സീനിയോറിറ്റി നിയമനാധികാരി കണക്കാക്കേണ്ടതും, നിയമനം നൽകി ആറുമാസ കാലയളവിനുള്ളിൽ അപേക്ഷകന്റെ വിദ്യാഭ്യാസയോഗ്യത സംബന്ധിച്ച രേഖകളുടെ ആധികാരികത നിയമനാധികാരി ഉറപ്പ് വരുത്തേണ്ടതുമാണ്. നിയമന ഉത്തരവിന്റെ പകർപ്പ് യഥാസമയം സർക്കാരിലേയക്ക് ലഭ്യമാക്കേണ്ടതാണ്.

6) ആശ്രിത നിയമനത്തിനുള്ള അപേക്ഷ സമർപ്പിക്കുന്ന സമയത്തോ, നിയമനം ലഭിച്ച ശേഷം അന്വേഷണ സമയത്തോ, അപേക്ഷകനെ സംബന്ധിക്കുന്ന എന്തെങ്കിലും വിവരങ്ങൾ തെറ്റായി നൽകിയതായോ, മറച്ചു വച്ചതായോ സർക്കാരിനു ബോധ്യമാകുന്നപക്ഷം സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള ഈ നിയമനം റദ്ദ് ചെയ്യുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അജിത് കുമാർ ഐ എ എസ്
സെക്രട്ടറി

ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, സപ്ലൈകോ, കൊച്ചി.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
ശ്രീ. അഭിനവ്ദേവ് എസ്.എസ്. (പരേതനായ ഷാജിലാൽ എൻ എസ് ഡേവിഡ്, അസിസ്റ്റന്റ് I-ന്റെ മകൻ) മടത്തുവിള വീട്, ചെറുവാരക്കോണം, പാറശ്ശാല പി., തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം.
വിവര സാങ്കേതിക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ (File No. C3/109/2024-FCSD)

ഉത്തരവിൻ പ്രകാരം

Signed by
Kavitha Kumari. I. S
Date: 19-12-2024 18:08:42
സെക്ഷൻ ഓഫീസർ

പകർപ്പ്:-
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
ബഹു. ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
ഭക്ഷ്യ പൊതുവിതരണ വകുപ്പ് സെക്രട്ടറിയുടെ സി.എ.യ്ക്ക്
ഭക്ഷ്യ പൊതുവിതരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്